സ്കീമിനെക്കുറിച്ചു മാത്രമേ ചിന്തിക്കാൻ പറ്റുവെന്നു പറഞ്ഞു. മൊത്തത്തിലാണെങ്കിൽ കർഷകർക്കുവേണ്ടി ചില സഹായപദ്ധതികൾ കൊണ്ടു വരാമായിരുന്നു. പക്ഷേ അതു നാം ഉദ്ദേശിക്കുന്ന രീതിയിലേയ്ക്കു വരുന്നില്ല. ഏതായാലും മറ്റു നാഷണലൈസ്ഡ് ബാങ്കുകളിലേയ്ക്കു കൂടി ഇതു കൊടുക്കത്തക്ക വിധത്തിലുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. പാക്കേജിൽ മുഴുവൻ തുകയും കൊടുത്തിട്ടില്ല എന്നു പറഞ്ഞതു ശരിയാണ്. അതു കൊടുക്കുന്നതിനുവേണ്ടി തീരുമാനമെടുത്തു. സാമ്പത്തിക ബുദ്ധിമുട്ടു കൊണ്ടാണ് ഇത്രയും താമസം ഉണ്ടായത്. ഏതായാലും ഇനി താമസം ഉണ്ടാകാത്ത വിധത്തിൽ അതു നൽകുന്നതാണ്. പൂട്ടിക്കിടക്കുന്ന തോട്ടം തൊഴിലാളികളുടെ പ്രശ്നം ഗവൺമെന്റിനു നന്നായി അറിയാം. അവർക്ക് സൗജന്യ റേഷൻ ഒരു പരിധി വരെ നൽകുന്നുണ്ട്. അതു തുടരുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. 180 കർഷകർ ആത്മഹത്യ ചെയ്തു എന്നാണ് ഗവൺമെന്റിനു ലഭിച്ച കണക്ക്. അതിൽ 167 പേരുടെ കുടുംബങ്ങൾക്കും ആനുകൂല്യം കൊടുത്തു കഴിഞ്ഞു. ബാക്കിയുള്ള കുടുംബങ്ങൾക്ക് ഉടനെ ആനുകൂല്യം നൽകുന്നതാണ്.

(3) പാകിസ്ഥാൻ പൗരത്വം സ്വീകരിക്കുവാൻ നിർബന്ധിതരായ കേരളീയരുടെ ബുദ്ധിമുട്ടുകൾ

ശ്രീ. പി. കെ. കെ. ബാവ: സർ, പിറന്ന നാട്ടിൽ ജീവിക്കാൻ വേണ്ടി കേഴുന്ന ഒരു വിഭാഗം ഹതഭാഗ്യരായ മനുഷ്യരുടെ മാനുഷിക പരിഗണനയർഹിക്കുന്ന ഒരു വിഷയമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടു വരുന്നത്. ജോലി ആവശ്യാർത്ഥം പാകിസ്ഥാനിൽ പോയി അവിടത്തെ പൗരത്വം സ്വീകരിക്കാൻ നിർബന്ധിതരായ നിർഭാഗ്യവാന്മാരായ കേരളീയർ പ്രായാധിക്യവും അനാരോഗ്യവുംമൂലം ഏറെ കഷ്ടപ്പെടുന്നതിനിടയിൽ അവരെ പാകിസ്ഥാനിലേയ്ക്കു തന്നെ തിരികെ അയയ്ക്കാൻ പോലീസും അധികൃതരും നിർബന്ധിച്ചുകൊണ്ടിരിക്കുകയാണ്. മലബാർ ഭാഗത്ത് ഇവർ ഏതാണ്ട് നാനൂറോളം പേരുണ്ട്. എന്നാൽ ഇന്ത്യാ ഗവൺമെന്റ് ഇവരുടെ കാര്യത്തിൽ അങ്ങേയറ്റത്തെ മാനുഷിക പരിഗണനയാണ് നൽകിയത്. ഇതിന്റെ ഫലമായി ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ആറായിരത്തോളം പേർക്ക് അവരവരുടെ സംസ്ഥാനങ്ങളിൽ തന്നെ ജീവിക്കാനുള്ള അവസരമുണ്ടായിട്ടുണ്ടെന്നുള്ള കാര്യം ഞാൻ ഈ സമയത്ത് ഓർമ്മിപ്പിക്കുകയാണ്. ഭക്ഷണം കഴിക്കാൻപോലും പരസഹായം ആവശ്യമായിട്ടുള്ള, ഹതഭാഗ്യരായിട്ടുള്ള, ഇവർ അങ്ങേയറ്റം പ്രയാസം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇവർ മുഖ്യമന്ത്രിയിലും ഗവൺമെന്റിലും ഏറെ പ്രതീക്ഷയുമായി കഴിഞ്ഞു കൂടുകയാണ്. ഇവരെ അവിടെത്തന്നെ കുടുംബത്തോടൊപ്പം ജീവിക്കാനല്ല

LIBRARY ARCHIVES Kerala Legislative Assembly

മരിക്കാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങയുടെ സ്വാധീനം ഉപയോഗപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലിയും ഈ വിഷയം സംബന്ധിച്ച് സബ്മിഷൻ ഉന്നയിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പാകിസ്ഥാൻ പൗരത്വമുള്ള ഇവർക്ക് ആഴ്ചയിൽ രണ്ടും മൂന്നും പ്രാവശ്യം പോലീസ് സ്റ്റേഷനിൽ പോയി ഒപ്പിടണം. അവർക്ക് തൊട്ടടുത്ത ജില്ലയിൽപ്പോലും പോകാൻ പറ്റുന്നില്ല. മലപ്പുറം ഭാഗത്താണ് ആളുകൾ കൂടുതലും ഉള്ളത്. അവർക്ക് കോഴിക്കോട് മെഡിക്കൽ കോളേജിൽപ്പോലും പോകാൻ പറ്റാത്ത അവസ്ഥയാണുള്ളത്. അവർക്ക് കേരളത്തിൽ തന്നെ താമസിക്കാനുള്ള സൗകര്യങ്ങളുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: വളരെ മനുഷ്യത്വപരമായ പ്രശ്നമാണ് ഇവിടെ ഉന്നയിച്ചത്. കേരളീയരാണ്. സാങ്കേതികമായ കാരണങ്ങൾ കൊണ്ടാണ് അവർ പാകിസ്ഥാൻ പൗരന്മാരായി തീർന്നത്. ഈ പ്രശ്നം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതു സംബന്ധിച്ചുള്ള തീരുമാനം എത്രയും വേഗം ഉണ്ടാക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കും. ഒരു കാര്യം കൂടി ഞാൻ ഉറപ്പു തരുന്നു. സംസ്ഥാന ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അവർക്ക് ഇന്ത്യൻ പൗരത്വം ലഭിക്കത്തക്ക വിധത്തിലുള്ള എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കും. അവർ ഇനി പോലീസ് സ്റ്റേഷനിൽ പോകേണ്ട കാര്യമില്ല. കേരളത്തിൽ എവിടേയും സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കും. കേരളാ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം, അവർ ഇന്ത്യൻ പൗരനായി കഴിയുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുക്കും. സാങ്കേതികമായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇവർക്ക് ഇന്ത്യൻ പൗരത്വം കിട്ടുന്നതിനുവേണ്ടിയുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്യും.

(4) നെയ്യാർഡാമിലെ കാളിപ്പാറ ശുദ്ധജലവിതരണ പദ്ധതി

ശ്രീ. തമ്പാനൂർ രവി: സർ, എന്റെ നിയോജകമണ്ഡലത്തിലേയും ഭാഗികമായി നേമം, പാറശ്ശാല നിയോജകമണ്ഡലങ്ങളിലെയും ഏറ്റവും പ്രധാനപ്പെട്ട ഒരു ശുദ്ധജല പദ്ധതിയാണ് പണി നടന്നുകൊണ്ടിരിക്കുന്ന കാളിപ്പാറ പദ്ധതി. ആറു വർഷങ്ങൾക്കു മുമ്പാണ് അതിന്റെ പണി ആരംഭിച്ചത്. 20 കോടിരൂപയിലധികം ചെലവഴിച്ചു കഴിഞ്ഞു. ഇപ്പോഴുള്ള സ്ഥിതി പ്രധാനപ്പെട്ട 22 കി. മീറ്റർ പൈപ്പു ലൈൻ ഇടാനുള്ള ഫണ്ട് ഇല്ലാത്തതുകൊണ്ട് ഈ പണി ഏതാണ്ട് നിലച്ച മട്ടിലാണ്.

LIBRARY ARCHIVES Kerala Legislative Assembly